## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 581. 08.07.2014 ൽ മറുപടിയ്ക്ക്.

<u>ഗുണനിലവാരമുള്ള ഹെൽമെറ്റ്</u>

| ചോദ്യം<br>ശ്രീ. എ.പ്രദീപ് കുമാർ<br>,, കെ.വി.വിജയദാസ്<br>,, ജെയിംസ് മാത്യു<br>,, എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇരുചക്ര വാഹനയാത്രക്കാർ ഉപയോഗിക്കുന്ന ഹെൽമെറ്റിന് എന്തെല്ലാം സ്പെസിഫിക്കേഷൻ ആണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (എ) | ഇരു ചക്ര വാഹന യാത്രക്കാർ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അനുശാസിയ്ക്കുന്ന നിലവാരത്തിലുള്ള ഹെൽമറ്റ് ധരിച്ചിരിയ്ക്കണമെന്ന് 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 129-ാം വകുപ്പ് അനുശാസിയ്ക്കുന്നു. ടർബൻ ധരിയ്ക്കുന്ന സിഖ് മത വിശ്വാസികളെ ഹെൽമറ്റ് ധരിയ്ക്കുന്നതിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 347, ഇരുചക്ര വാഹന യാത്രക്കാർ ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ഇൻഡസ്ട്രീസ് (ISI) നിലവാരത്തിലുള്ള ഹെൽമറ്റ് ധരിയ്ക്കണമെന്നനുശാസിയ്ക്കുന്നു. എന്നാൽ ചട്ടം 347(A)പ്രകാരം പുറകിലിരുന്ന് യാത്ര ചെയ്യുന്നവരെ ഹെൽമറ്റ് ധരിയ്ക്കുന്നതിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ഇൻഡസ്ട്രീസ് (ISI) എന്നത് കേന്ദ്രസർക്കാർ പിന്നീട് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.<br>ഇരു ചക്ര വാഹന യാത്രക്കാർ ഉപയോഗിയ്ക്കുന്ന ഹെൽമറ്റിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിയ്ക്കുന്നത് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ആണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഹെൽമറ്റിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചിരിയ്ക്കുന്നത്. ആയതിനാൽ ഇതു സംബന്ധിച്ച് കേരള സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവുകൾ ഒന്നും തന്നെ പുറത്തിറക്കിയിട്ടില്ല. |
| (ബി) | ഭാരക്കുറവും ബലമുള്ളതും വായു സഞ്ചാരം ലഭിക്കുന്ന തരത്തിലുള്ളതുമായ ഹെൽമെറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അനുശാസിക്കുന്ന നിലവാരത്തിലുള്ള ഹെൽമറ്റുകൾ മാർക്കറ്റിൽ സുലഭമാണ്. അതിനാൽ ഇതിനായി പ്രത്യേക നടപടി ആവശ്യമില്ല. |
| (സി) | ഇപ്പോൾ സംസ്ഥാനത്ത് ലഭിക്കുന്ന ഭൂരിപക്ഷം ഹെൽമെറ്റുകളും യാത്രക്കാർക്ക് സ്പോൻഡിലോസിസ് , മുടി കൊഴിച്ചിൽ , തലവേദന, മൈഗ്രേയ്ൻ പോലുള്ള ബുദ്ധിമുട്ടുകൾ കൂടുതൽ തീവ്രമാകുന്നതിന് കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ഇല്ല. |
| (ഡി) | ഇരുചക്ര വാഹന യാത്രക്കാർക്ക് ഭാരക്കുറവും ബലമുള്ളതും വായു സഞ്ചാരം ലഭിക്കുന്ന തരത്തിലുള്ളതുമായ ഹെൽമെറ്റ്, സർക്കാർ നേരിട്ടു തന്നെ വില കുറച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ.